പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3746 11.12.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് ട്രെയിനിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ഡ്രൈവർ മാർക്ക് എന്തൊക്കെ ട്രെയിനിംഗു കളാണ് ഇപ്പോൾ നല്കി വരുന്നത്; ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കെ.എസ്. ആർ.ടി.സി. തൊഴിലാളികൾക്ക് ട്രെയിനിംഗുകൾ നൽകിയിട്ടുണ്ടോ; വർഷം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ പുതുതായി നിയമനം ലഭിച്ച് വരുന്ന ഡ്രൈവർമാർക്ക് തീയറി ക്ലാസുകളും പ്രാക്ടിക്കൽ ട്രെയിനിംഗും ഉൾപ്പെടെ മതിയായ പരിശീലനം നല്കി വരുന്നു. സുരക്ഷിത ഗതാഗതം ഉറപ്പു വരുത്തുന്നതിനും ഉയർന്ന ഇന്ധനക്ഷമത ലഭ്യമാക്കുന്നതിനുമായി കെ.എസ്.ആർ.ടി. സി.യിലെ മുഴുവൻ ഡ്രൈവർമാർക്കും റിഫ്രെഷർ പരിശീലനവും, അപകടത്തിൽ പ്പെടുന്നതും ഡ്രൈവിംഗ് ന്യൂനതകൾ ഉള്ളതുമായ ഡ്രൈവർമാർക്ക് തിരുത്തൽ പരിശീലനവും, ഹൈറേഞ്ച് മേഖലകളിൽ വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്കായി പ്രത്യേക പരിശീലനവും നല്കി വരുന്നു. കൂടാതെ പെട്രോളിയം കൺസർവേഷൻ റിസേർച്ച് അസോസിയേഷൻ (PCRA), മോട്ടോർ വാഹന വകുപ്പ്, ട്രാഫിക് പോലീസ് എന്നിവരുടെ സഹകരണത്തോടെയുള്ള പരിശീലനങ്ങളും വാഹന നിർമ്മാതാക്കളായ അശോക് ലെയ്ലന്റ്, ടാറ്റ, ഐഷർ, |

<table>
<tr><td></td><td></td><td></td><td>സ്കാനിയ, വോൾവോ എന്നീ കമ്പനികളുടെ മേൽ നോട്ടത്തിലുള്ള പരിശീലനങ്ങളും നല്കി വരുന്നുണ്ട്.<br><br>കെ.എസ്.ആർ.ടി.സി യിലെ ജീവനക്കാർക്ക് നല്കിയ പരിശീലനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td>Year</td><td>2015-16</td><td>2016-17</td><td>2017-18</td><td>2018-19 up to 9/2018</td></tr>
<tr><td>No of employees trained</td><td>12113</td><td>10955</td><td>3054</td><td>1191</td></tr>
</table>
<br>ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം കെ.എസ്.ആർ.ടി.സി.യിലെ 390 മിനിസ്റ്റീരിയൽ വിഭാഗം ജീവക്കാർക്ക് അടിസ്ഥാന കമ്പ്യൂട്ടർ പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖാന്തിരം 2018-19 കാലയളവിൽ നൽകുകയുണ്ടായി.</td></tr>
<tr><td>(ബി)</td><td>കെ.എസ്.ആർ.ടി.സി. ഡ്രൈവർ മാരുടെയും, ടെക്നിക്കൽ ഓഫീസർ മാരുടെയും ട്രെയിനിംഗിനായി വകയിരുത്തിയ 2018-19 പ്ലാൻ ഫണ്ട് തുകയുടെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ</td><td>(ബി)</td><td>ഈ ഇനത്തിൽ 2018-19-ൽ പ്ലാൻ ഫണ്ടിൽ നിന്നും സർക്കാർ ഭരണാനുമതി നൽകിയിരുന്ന തുക 1 കോടി 20 ലക്ഷം രൂപയാണ്. ഈയിനത്തിൽ 75 ശതമാനത്തോളം തുക കെ.എസ്.ആർ.ടി.സി ചെലവാക്കിക്കഴിഞ്ഞു.</td></tr>
</table>

സെക്ഷൻ ഓഫീസർ